നടപ്പിലാക്കിയത് ഭരണസംവിധാനം വിശ്വസ്തവും സുതാര്യവുമാക്കാൻ സഹായമാകുന്നുണ്ട്. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയുംവേഗം തീരുമാനമെടുക്കുന്നതിന്റെയും നടപടിക്രമങ്ങൾ സുതാര്യവുമാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്കരണം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കിവരുന്നു. സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 117 വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും കാലതാമസം കൂടാതെ തീരുമാനമെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ഇങ്ങനെ ഭരണത്തിലെ കാലതാമസം ഒഴിവാക്കിയും സുതാര്യതയും ഏകോപനവും വർദ്ധിപ്പിച്ചും നിരവധി നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ

40 (1904) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷയുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഓരോ ജില്ലയിലും ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട ധനസഹായം ലഭ്യമാക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇക്കാലയളവിൽ നിരസിക്കപ്പെട്ടുകയുണ്ടായി എന്നറിയിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly